
വനിത
വീട്
ജനുവരി 2011
₹ 15
പുതിയ
4
പംക്തികൾ
TRENDS
Furniture
RENOVATION
Interior
PLANS
FOR YOUR DREAM HOME
ഓറോവിൽ ഗ്രാമത്തിലെ
വേറിട്ട കെട്ടിടങ്ങൾ
നിർമാണസാമഗ്രി:
ഗുണമേന്മ അറിയാം
Tips
Home Trends 2011









2011: ഫുങ്–ഷ്വേ പറയുന്നത് 22D

**സ്പോട്ട് ലൈറ്റ്**

ഗൃഹനിർമാണ രംഗത്തെ സ്തംഭനം 26

2011 ലേക്കുള്ള ട്രെൻഡുകളും വ്യത്യസ്തമായ വീടുകളും 34

**താരവും വീടും:**

മധുപാലിന്റെ വാടകവീടുകൾ 50

വെള്ളം ശുദ്ധീകരിക്കാം 54

ഗ്ലാസ് റിസൈക്ക്ളിങ് 58

ഫ്ളാറ്റ് ഇന്റീരിയർ 72

പ്രശസ്തരുടെ ക്രിസ്മസ് ഇന്റീരിയർ 88

നിർമാണസാമഗ്രികളുടെ ഗുണനിലവാരം 96

രഞ്ജിനിയുടെ മോഡുലാർ കിച്ചൺ ടിപ്സ് 108

ഡ്രീം ഹോം 120

ചെലവു കുറഞ്ഞ മാതൃക 128

അടിത്തറ കെട്ടാൻ രണ്ട് മാർഗങ്ങൾ 140


**പുതിയ 4 പംക്തികൾ**


**കമ്മ്യൂണിറ്റി ലിവിങ്** 14

**ഹോം അപ്ലയൻസസ്** 86

**യൂത്ത് സ്പെഷൽ** 146

**എന്റെ ഹോബി** 148





**പംക്തികൾ:**


ഇൻഫോ ബിറ്റ്സ് 10

ഹോം ഗാർഡനിങ് 12

**ഗൃഹപാഠം:**

മാലിന്യസംസ്കരണം 16

ഫോട്ടോ ഫീച്ചർ 20

ഷോപ് ടോക്ക് 80

വായനക്കാരുടെ വീട് 112

ഈ മാസം നിങ്ങളുടെ വീടിന് 134B

സംശയങ്ങളും ഉത്തരങ്ങളും 144

**പ്രിയമാം ഇടം:** രാജ് കലേഷ് 150

2010 ലെ മികച്ച 5 വീടുകൾ 152



Editor: **Prema Mammen Mathew**,
Editor-in-Charge: **M. Madhu Chandran** (Responsible for selection of news under the PRB Act).
Printed and Published by **V. Sajeev George** on behalf of M. M. Publications Ltd, P.B. No. 226, Kottayam - 686 001 at M.M.Publications Ltd, P.B. No. 226, Kottayam - 686 001 and Malayala Manorama Press, Kottayam - 686 039 and published from M.M. Publications Ltd., P.B. No. 226, Kottayam - 686001




# Coloured Coupe

## ടെറസിൻെറ ഭാഗം കൂടിച്ചേർത്ത് ഫ്ളാറ്റിൻെറ ഇൻറീരിയർ ചെയ്തപ്പോൾ ഒരു വലിയ വീടായി.



### Yellow+ Crimson Living space

ആരെയും ഫ്ളാറ്റാക്കുന്ന ഒരു ഫ്ളാറ്റ്! തീർത്തും മിനിമലിസ്റ്റിക് രീതിയിലാണു നിർമാണം. തിരുവനന്തപുരത്ത് മരപ്പാലത്തുള്ള ഹീരാ പോയിൻറിൻെറ ഏഴാം നിലയിലാണ് ഈ ഫ്ളാറ്റ്. എട്ടാം നില മുതൽ ഫ്ളാറ്റുകളുടെ എണ്ണം കുറഞ്ഞതിനാൽ ഏഴാം നിലയിലുള്ളവർക്ക് ടെറസും കിട്ടി. നിറങ്ങൾ അമ്മാനമാടിയ മുറികൾ. ക്രിംസൺ റെഡും മഞ്ഞയും കൊണ്ട് എത്രയ്ക്കു മനോഹരമാക്കാമോ അത്രയ്ക്കു പകിട്ടാക്കിയിട്ടുണ്ട് ലിവിങ് റൂം. പിൻഗോഡയും മറൈൻ പ്ലൈവുഡും കൊണ്ടുണ്ടാക്കിയ ഫർണിച്ചർ പ്രത്യേകം ഡിസൈൻ ചെയ്യുകയായിരുന്നു. ബാൽക്കണി എടുത്തുമാറ്റി അവിടം ലിവിങ് റൂമിനോടു ചേർത്തു. ടെറസിലേക്കു തുറക്കുന്ന ഭാഗം പൂർണമായി തുറന്നിട്ടതിനാൽ  കാറ്റിനും വെളിച്ചത്തിനും യഥേഷ്ടം കയറിയിറങ്ങാം. കാറ്റിനും വെളിച്ചത്തിനുമൊപ്പം കുട്ടികളും കയറിയിറങ്ങുമെന്നു പരാതിപ്പെടരുതെന്നുമാത്രം.





## Blue+Green Terrace

ഫ്ളാറ്റിന്റെ ഇടുങ്ങിയ അന്തരീക്ഷമാണോ ഇഷ്ടപ്പെടാത്തത്? ടെറസിൽ ആവശ്യത്തിനു സ്ഥലമുണ്ടെങ്കിൽ ആ പ്രശ്നമേ ഇല്ല. ഇളം നീല പുൾ സൈഡ് ടൈൽ ഉപയോഗിച്ചാണ് ടെറസിന് ഫ്ളോറിങ് ചെയ്തത്. അലുമിനിയം പാനലുകൾ ഒട്ടിച്ച് പുറത്തെ ഭിത്തിയിലൂടെ പോകുന്ന പൈപ്പുകൾ മറയ്ക്കുകയും ചെയ്തു.









## Green+ Red
## Dining

ഭിത്തികൾക്കു നിറംകൊടുത്തതു കൊണ്ടുമാത്രം ഭംഗിയാകുമോ? അതിനു മുകളിൽ ഗ്ലാസ് സ്ക്രൂ ചെയ്തുവച്ചാൽ മിറർ ഫിനിഷും കിട്ടും പുതുമ പോവുകയുമില്ല. ഇത്തരം ചെറിയ ടെക്നിക്കുകളാണ് ഈ ഫ്ളാറ്റിൻെറ 'ഹൈലൈറ്റ്'. ഫ്ളാറ്റിൻെറ പ്ലാനിലുണ്ടായിരുന്ന വാഷ് ബേസിൻ എടുത്തുമാറ്റി അവിടെയാണ് കബോർഡ് സ്ഥാപിച്ചത്.

## Colourful
## Kids room

വെള്ളയോടൊപ്പം എല്ലാ നിറങ്ങളും കോരിയൊഴിച്ച കുട്ടികിടപ്പുമുറി. ജിപ്സം കൊണ്ട് അമ്പിളിമാമനെ ഉണ്ടാക്കി സീലിങ് ഭംഗിയാക്കി. നിറം കൊടുത്തതു മാത്രമല്ല, ഫോൾസ് സീലിങ്ങിനുള്ളിൽ മിന്നുന്ന ലൈറ്റും കൊടുത്തപ്പോൾ കുട്ടികളും ഹാപ്പി.

## Red
## Master bed

വീട്ടുകാരൻെറയും വീട്ടുകാരിയുടെയും ഇഷ്ടനിറമാണ് ചുവപ്പ്. അതുകൊണ്ട് മാസ്റ്റർ ബെഡ് റൂമിന് മറ്റൊരു നിറം ചിന്തിക്കാൻ പോലുമാകില്ല. കട്ടിലിൻെറ ഹെഡ്ബോർഡിന് ലെതർ ഫിനിഷ്. പ്ലാൻ അനുസരിച്ചുണ്ടായിരുന്ന ബാൽക്കണി വാക്ക് ഇൻ വാർഡ്രോബും ഡ്രസിങ് ഏരിയയുമാക്കി മാറ്റി.



## Wood+ Brick
## Open Kitchen

പുറത്തൊരു അടുക്കള. പാർട്ടികൾ നടത്തുമ്പോഴും വിരുന്നുകാർ വരുമ്പോഴും ഫ്ളാറ്റിലെ സ്ഥലപരിമിതിയെക്കുറിച്ചോർത്തു വിഷമിക്കേണ്ട. പാർട്ടി ഏരിയയ്ക്കു ഭംഗികൂട്ടാൻ വെനീർ പാനലിങ്ങും വെട്ടുകല്ലിൻെറ ടെക്സ്ചറും കൊടുത്തു. പോളികാർബണേറ്റ് ഷീറ്റാണ് മേൽക്കൂരയ്ക്ക്.

## Blue
## Kitchen

വെറുമൊരു ഷോ കിച്ചണാണ് ഇത്. പാചകമെല്ലാം പുറത്തെ അടുക്കളയിലാണ് നടക്കുന്നത്. ഭംഗിക്കുവേണ്ടി നീല നിറമാണ് അടുക്കളയുടെ കബോർഡുകൾക്കു നൽകിയത്. അടുക്കളയുടെ തൊട്ടടുത്തുണ്ടായിരുന്ന കോമൺ ബാത്റൂം പകുത്ത് ചെറിയൊരു സ്റ്റോർ റൂമും വാഷ് ഏരിയയുമാക്കി.





## Master mind behind

*വീട്ടുടമസ്ഥർ:*
*ഡോ. ഇർഷാദ് ഹസ്സൻ, അമീഷ ഇർഷാദ്.*
*ഇൻറീരിയർ ഡിസൈനർ: രഞ്ജിത് പുത്തൻപുരയിൽ, രഞ്ജിത് അസോസിയേറ്റ്സ്, കൊച്ചി. ഫോൺ: 98474 38814*
*ഫ്ളാറ്റിൻെറ വിസ്തീർണം: 3010 സ്ക്വയർഫീറ്റ്.*